## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *249 — 15.12.2015-ൽ മറുപടിയ്ക്ക്

## റോഡുകൾക്ക് മിനിമം ഗ്യാരന്റി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>„ വി.പി.സജീന്ദ്രൻ<br>„ സണ്ണി ജോസഫ്<br>„ എ.റ്റി.ജോർജ് | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് റോഡുകളുടെ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നിബന്ധന പൊതുമരാമത്ത് മാന്വൽ പ്രകാരം നിലവിലുണ്ട്. റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ ശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം പണി ഏറ്റെടുക്കുന്ന കരാറുകാർ തന്നെ പ്രവൃത്തിയുടെ ഗ്യാരന്റി പിരീഡിൽ ഉണ്ടാകുന്ന കേടുപാടുകൾ അവരുടെ ചെലവിൽ തന്നെ ചെയ്യേണ്ടതാണ്. ഇതു കൂടാതെ 5 വർഷം മെയിന്റനൻസ് ഗ്യാരന്റിയോടുകൂടി ഉപരിതലം പുതുക്കുന്നതിന് ഹെവി മെയിന്റനൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ദേശീയപാതകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും മോർത്ത് സ്പെസിഫിക്കേഷനും, ഐ.ആർ.സി.ഗൈഡ് ലൈൻസും അനുസരിച്ചുള്ള ഡിസൈനും, നിർമ്മാണരീതിയുമാണ് നിലവിലുള്ളത്. നിർമ്മാണ പ്രവർത്തനങ്ങളെല്ലാം പേവർ ഫിനിഷർ, ബിറ്റുമിനസ് സ്പ്രേയർ, വൈബ്രേറ്ററി റോളർ തുടങ്ങിയ ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗിച്ചാണ് നിർവ്വഹിക്കുന്നത്. കൂടാതെ നിർമ്മാണ ഘട്ടത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സംവിധാനങ്ങളോടും കൂടിയ ഗുണനിലവാര പരിശോധന ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിച്ച ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ടെസ്റ്റുകൾ നടത്തി നിർമ്മാണ നിലവാരം ഉറപ്പുവരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കമോ ; | (ബി) | റോഡിന്റെ ഉപരിതലത്തിൽ കാലാകാലങ്ങളിലുണ്ടാകുന്ന കേടുപാടുകൾ നീക്കി സുഖകരമായ യാത്ര ലഭ്യമാക്കുക, റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുക, റോഡിന്റെ പരിപാലനത്തിന് ചെലവ് കുറയ്ക്കുക എന്നിവയാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്. |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (സി) | ടി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി ജി.ഒ. (എം.എസ്) നം.73/2013/പൊ.മ.വ തീയതി 31.08.2013 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം കരാറുകാർ പണികൾ ഏറ്റെടുക്കുമ്പോൾ ടി പണികൾക്കായുള്ള ഗ്യാരന്റി പിരീഡ് നിശ്ചയിച്ച് നൽകുന്നതുകൊണ്ട് പ്രസ്തുത കാലയളവിൽ ടി പണികളുടെ അറ്റകുറ്റപ്പണികൾ അതാത് കരാറുകാർ തന്നെ ചെയ്യേണ്ടതാണ്. |

**സെക്ഷൻ ഓഫീസർ**